**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2733** **14-09-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് കെൽ കമ്പനി വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ഭെൽ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) ആയി മാറിയതിന് ശേഷം പ്രസ്തുത സ്ഥാപനത്തിന് സർക്കാർ നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | **27.5 കോടി രൂപ.** |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; | (ബി) | കെൽ ഇ. എം. എൽ എന്ന സ്ഥാപനത്തിന് ഫണ്ട് അനുവദിച്ചത് താഴെപ്പറയുന്ന ആവശ്യങ്ങൾക്കാണ്.<br>• കമ്പനി നവീകരണം<br>• പുതിയ ഉൽപ്പന്നങ്ങളുടെ വികസനത്തിനും നിലവിലെ ഉൽപ്പന്നങ്ങളുടെ നവീകരണത്തിനും<br>• ജീവനക്കാരുടെ ബാധ്യതകൾ നൽകുന്നതിന്<br>• പ്രവർത്തന ചെലവിലേക്ക്<br>• മറ്റു ബാധ്യതകൾ കൊടുക്കുന്നതിന് |
| (സി) | വാഗ്ദാനം ചെയ്ത ഫണ്ടുകൾ കെല്ലിനു നൽകി കഴിഞ്ഞോ; ഇല്ലെങ്കിൽ ഇനി എത്ര ഫണ്ടാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | **കേരള സർക്കാർ ഏറ്റെടുത്ത കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഭെൽ ഇ. എം. എൽ (ഇപ്പോൾ കെൽ ഇ. എം. എൽ) ന്റെ പുനരുദ്ധാരണത്തിനും ആധുനിക-വത്ക്കരണത്തിനുമായി 77.07 കോടി രൂപയുടെ ശിപാർശ ആണ് ഉണ്ടായിരുന്നത്. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടി-ല്ലായിരുന്നതിനാൽ ഉപധനാ-ഭ്യർത്ഥന വഴി 20 കോടി രൂപ അനുവദിക്കുകയും അത്രയും തന്നെ തുക കമ്പനിക്ക് റിലീസ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. 2022-2023 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 650 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. 2022-23 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 30 ലക്ഷം രൂപ കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലായിരുന്നു. ടി** |

| | | | |
|---|---|---|---|
| | | | **തുകയും 2022-23 ൽ ബാക്കി റിലീസ് ചെയ്ത് നൽകാനുണ്ടായിരുന്ന 350 ലക്ഷം രൂപയും ചേർത്ത് 380 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും അതിൽ ഒരു കോടി രൂപ ഈ സാമ്പത്തിക വർഷം റിലീസ് നൽകുകയും ചെയ്തിരുന്നു.** |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും അവിടെ ഉൽപ്പാദിപ്പിക്കുന്ന സാമഗ്രികൾ എന്തൊക്കെയാണെന്നും കമ്പനി ഇപ്പോൾ ലാഭകരമാണോ എന്നും വ്യക്തമാക്കാമോ; | (ഡി) | ഈ സ്ഥാപനത്തിൽ ഇപ്പോൾ 91 ജീവനക്കാരാണ് ഉള്ളത്. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് ആൾട്ടർനേറ്റർ ആണ്. കമ്പനി ഇപ്പോൾ ലാഭകരമായിട്ടില്ല. |
| (ഇ) | ജീവനക്കാരുടെ ശമ്പളയിനത്തിൽ കുടിശിക ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ? | (ഇ) | ജീവനക്കാരുടെ ശമ്പളയിനത്തിൽ കുടിശിക നൽകാനില്ല. |

സെക്ഷൻ ഓഫീസർ